# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 630

31.10.2016 ൽ - മറുപടിക്ക്

## ഭക്ഷ്യഭദ്രത നിയമത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ ആധുനികവത്കരണം

**ചോദ്യം**

ശ്രീ.ഇ.പി.ജയരാജൻ
,, കെ.സുരേഷ് കുറുപ്പ്
,, ബി.സത്യൻ
,, ഒ. ആർ. കേളു

**ഉത്തരം**

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി)

(എ) നവംബർ 1 മുതൽ ദേശീയ ഭക്ഷ്യഭദ്രതാനിയമം നടപ്പാക്കുന്നത് എ.പി.എൽ. അരി വിതരണത്തെ ഏത് വിധത്തിൽ ബാധിക്കുമെന്ന് വിശദമാക്കുമോ; കേന്ദ്ര നിയമപ്രകാരം സബ്സിഡി ആനുകൂല്യം നിഷേധിക്കപ്പെടുന്നവർക്ക് കുറഞ്ഞ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യുന്നതിന് സംസ്ഥാന സർക്കാരിന് എന്ത് ചെയ്യുവാൻ കഴിയുമെന്ന് അറിയിക്കുമോ;

(എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമപ്രകാരം 14.25 മെ.ടൺ ആണ് വാർഷിക അലോട്ട്മെന്റ് ആയി സംസ്ഥാനത്തിന് ലഭിക്കുന്നത്. ആയതിൽ 10.13 ലക്ഷം മെ.ടൺ മുൻഗണനാ വിഭാഗത്തിൽ പ്പെടുന്ന 1.54 കോടി ജനങ്ങൾക്ക് നൽകുവാൻ കഴിയുന്നതാണ്. മുൻഗണനാ വിഭാഗത്തിൽപ്പെടുന്നവർക്ക് 5 കിലോഗ്രാം ഭക്ഷ്യധാന്യം ഓരാളിനും 35 കിലോഗ്രാം ഭക്ഷ്യധാന്യം എ.എ.വൈ. കാർഡിനും നൽകുന്നതാണ്. മുൻഗണനേതര വിഭാഗങ്ങൾക്ക് നൽകുന്നതിനായി 4.12 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യം പ്രതിവർഷം ലഭിക്കും.

ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം സംസ്ഥാനത്ത് നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിന്റെ മൊത്ത ഉപഭോഗത്തിന്റെ ശരാശരിക്ക് അനുസൃതമായി ടൈഡ്ഓവർ അലോട്ട്മെന്റ് കണക്കാക്കാതിരിക്കുന്നത് പൊതു വിതരണ രംഗത്ത് സംസ്ഥാനത്തിന്റെ താൽപ്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുവാനിടയുണ്ടെന്നും ആയതിനാൽ അഡ്ഹോക്ക് ഉൾപ്പെടെ സംസ്ഥാനത്തിന് കഴിഞ്ഞ സാമ്പത്തിക വർഷങ്ങളിൽ ലഭ്യമായിക്കൊണ്ടിരി

| | | | |
|---|---|---|---|
| | | | ക്കുന്ന ഭക്ഷ്യധാന്യങ്ങൾക്കനുസൃതമായി ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കിയതിനു ശേഷവും സംസ്ഥാനത്തിന് ലഭിക്കുന്നതിന് കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചു വരുന്നു. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം നടപ്പിലാക്കുമ്പോൾ ധാന്യ വിലയിൽ ഉണ്ടാകുന്ന മിച്ചം ഫലപ്രദമായി ഉപയോഗിക്കുന്ന കാര്യവും പരിഗണിക്കുന്നുണ്ട്. |
| (ബി) | സംസ്ഥാനത്ത് സുതാര്യവും കാര്യക്ഷമവും അഴിമതിരഹിതവും ജനങ്ങളോട് ഉത്തരവാദപ്പെട്ടതുമായ ഒരു പൊതു വിതരണ സമ്പ്രദായം ഉറപ്പാക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) & (സി) | റേഷൻ കടകളിലെല്ലാം ഇലക്ട്രോണിക് പോയിന്റ് ഓഫ് സെയിൽ (ഇ-പോസ്) മെഷീനുകൾ സ്ഥാപിക്കുന്നതിനും റേഷൻ കടകളിൽ നടക്കുന്ന എല്ലാ ഇടപാടുകളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിനും റേഷൻ കടകളിലെത്തുന്ന ഗുണഭോക്താക്കളെ തിരിച്ചറിയുന്നതിന് ആധാർ അല്ലെങ്കിൽ സ്മാർട്ട് കാർഡ് / ബാർകോഡ് പോലുള്ള ബദൽ മാർഗ്ഗങ്ങൾ ഉപയോഗിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഓരോ ഗുണഭോക്താവിനും റേഷൻ സാധനങ്ങൾ വിതരണം ചെയ്യുമ്പോൾ തത്സമയം തന്നെ ഉദ്യോഗസ്ഥതലത്തിലും പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാകത്തക്ക വിധം ട്രാൻസ്പാരൻസി പോർട്ടൽ സജ്ജമാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്. റേഷൻ സാധനങ്ങളുടെ നീക്കം ഇലക്ട്രോണിക് നിരീക്ഷണത്തിന് വിധേയമാകുന്ന രീതിയിലായിരിക്കും നടത്തുന്നത്. |
| (സി) | മേൽപ്പറഞ്ഞ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി സിവിൽ സപ്ലൈസ് വകുപ്പിനെ ആധുനികവത്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | | |
| (ഡി) | ഇതിന്റെ ഭാഗമായി റേഷൻ കാർഡുകളും ഗുണഭോക്താക്കളെ സംബന്ധിക്കുന്ന മറ്റ് വിവരങ്ങളും ഡിജിറ്റലൈസ് ചെയ്തിട്ടുണ്ടോ; | (ഡി) | ഉണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പൊതു ജനങ്ങളുടെ പരാതി പരിഹരിയ്ക്കുന്നതിനുള്ള സംവിധാനം, ട്രാൻസ്പരൻസി പോർട്ടൽ എന്നിവ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (ഇ) | പൊതുജനങ്ങളുടെ പരാതി പരിഹരിക്കുന്നതിനായി ജില്ലാ തലത്തിലുള്ള ചുമതല 'എ.ഡി.എമ്മിനും', സംസ്ഥാന തലത്തിലുള്ള ചുമതല സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനും നൽകി ഉത്തരവായിട്ടുണ്ട്. റേഷൻ അലോട്ട്മെന്റ് വിതരണം സംബന്ധമായ കണക്കുകളും ഗുണഭോക്തൃ വിവരങ്ങളും സുതാര്യമായി പൊതുജനങ്ങൾക്ക് നിരീക്ഷിക്കുന്നതിനായി ഒരു ഓൺലൈൻ സുതാര്യതാ പോർട്ടൽ **(Transparency Portal)** തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. ഓൺലൈൻ അലോക്കേഷൻ പോർട്ടൽ NIC തയ്യാറാക്കിയിട്ടുള്ളത് പരീക്ഷിച്ചു വരികയാണ്. ഗുണഭോക്തൃവിവരങ്ങൾ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. |

*സെക്ഷൻ ഓഫീസർ*